# മാനിഷാദാ

നേരും നേരറിവും നെറിവും കെട്ട മനുഷ്യർ
മലിനമയ പുടവ ചാർത്തി അവൾക്ക്
ജീവന്റെ തുടിപ്പ് തകർത്തു
മണ്ണിന്റെ മക്കൾ! മണ്ണിനെ അറിയാത്ത മക്കൾ
മണ്ണല്ല നികൃഷ്ടം മർത്ത്യാ,
നിന്റെ മനസ്സാണ്, കഷ്ടം!

പണ്ട് ഹരിതം തുടിച്ചവളിന്ന് വരണ്ടു
കാലത്തിന്റെ വരവിൽ വെറും
നിരർത്ഥക കവിതപോൽ!
തീർത്തു സൗധങ്ങൾ ഏറെ,
തകർത്തു മണ്ണിന്റെ ഹരിതയെ
തകർത്തു കാനന ഭംഗിയെ

മനുഷ്യാ നീയീ ചരിത്രത്തിൻ കാലനോ?
അതോ നീറുന്ന കാലത്തിൻ കവിതയോ?
തീർത്തു തവ ചിത്തത്തിലേറെ
ഫലനീഭവിച്ചൊത്തുകൂടിയ സ്വാർത്ഥശിലകളാൽ
നീ പലതും നിൻ കരാളഹസ്തങ്ങളാൽ
ഹാ, കഷ്ടം! അറിഞ്ഞില്ല നീ
അമ്മിഞ്ഞ തന്നൊരു അമ്മയുടെ നീറൽ
അറിഞ്ഞില്ല നീ അവളുടെ ഹൃദയ തുടിപ്പും
കാലം ചോദിക്കും അമ്മ തൻ സ്നേഹത്തിൻ
കാര്യവും കൂലിയും കണക്കും
അന്നു തെറ്റും അഹംഭാവി
വ്യർത്ഥമാം തവ കണക്കുകൂട്ടലുകൾ

Scanned with CamScanner

നിന്റെ തല വളർന്നേറെ ശാസ്ത്രവും
എങ്കിലും പണ്ടിതാ നിർജ്ജീവം നിൻ മനസാക്ഷി
ഉള്ളിൽ അസ്തമിച്ചുവോ നിന്റെ മനുഷ്യത്വവും
ശാസ്ത്രമല്ല, പച്ച മനുഷ്യന്റെ മനത്തിലെ
മൂല്യ നന്മാദികളാണു ശാശ്വതം.
മറന്നത് മണ്ണല്ല നിന്റെ മനസ്സാണ്.

മരിച്ചുമരവിച്ച നിന്റെ മനസാക്ഷി.
ഒഴുകുന്ന പുഴയുടെ തേങ്ങാട്ടത്തിലും
വീശുന്ന കാറ്റിന്റെ ചുവടുവെപ്പിലും
നീറുന്ന ഓർമ്മയുടെ മുറവിളിയിലും
ഞാൻ കേട്ടു ഒരു നിലവിളി
ഒരു ആർത്ത ശബ്ദവും
കനത്ത തേങ്ങലും !

മാനിഷാദാ!

എലിസബത്ത് ഡൊമിനിക്
Standard VII
S H U P S Ullanad

Scanned with CamScanner